**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കാൻ കെ.എസ്.ഇ.ബി.എൽ. അനവധി നടപടികൾ എടുത്തിട്ടുണ്ട്.<br><br>കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കാനായി MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സബ്സിഡി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഗാർഹിക ഉപഭോക്താക്കൾക്ക് 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 3 KWനു മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% വും തുടർന്നുള്ള ഒരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകി വരുന്നത്. 10 KW ന് മുകളിൽ സബ്സിഡിയില്ല. ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നതാണ്.<br><br>പദ്ധതി കൂടുതൽ ജനകീയമാക്കാൻ വേണ്ടി E - Kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിനെ കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്താനായി എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളിലും/ സെക്ഷൻ തലത്തിലും/ജില്ലാ കളക്ടേറ്റുകൾ തോറും Spot Registration ക്യാമ്പയിനുകൾ നടത്തിവരുന്നു. കൂടാതെ മീറ്റർ അലോക്കേഷൻ, പവർക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നിരവധി തവണ ഡെവലപ്പർമാരുടെയും ഇൻവർട്ടർ നിർമ്മാതാക്കളുടേയും മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സോളാർ സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ 100 മെഗാവാട്ട് ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. പാർശ്വ വൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തികൊണ്ട് അവരുടെ ജീവിത സാഹചര്യവും, ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' പ്രകാരം കൂടുതൽ വീടുകളിൽ പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതാണ്. കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | സോളാർ പദ്ധതികൾക്കാവശ്യമായ സാധന സാമഗ്രികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സോളാർ പദ്ധതികൾക്കാവശ്യമായ സാധന സാമഗ്രികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനും പുതിയ സംരംഭകരെ സഹായിക്കുന്നതിനും നടപടികളെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ